56695 കുടുംബങ്ങൾക്ക് കടാശ്വാസം ലഭ്യമാക്കുകയും ചെയ്തു. കടാശ്വാസ നടപടികളുടെ രണ്ടാം ഘട്ടമായി സഹകരണ സ്ഥാപനങ്ങളിൽ നിന്ന് മത്സ്യത്തൊഴിലാളികൾ എടുത്ത കടങ്ങളിൽ തീർപ്പു കൽപ്പിക്കുന്നതിനുള്ള നടപടികൾ കമ്മീഷൻ സ്വീകരിച്ചുവരുന്നു. ഉപരിതല മത്സ്യബന്ധന സംരക്ഷണ നിയമം നടപ്പിലാക്കിയതു വഴി കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ചാള, അയല, നെത്തോലി തുടങ്ങിയ ഉപരിതല മത്സ്യങ്ങൾ പിടിക്കുന്നതിനും അതുവഴി അവരുടെ ഉപജീവനസുരക്ഷയും തൊഴിൽ സുരക്ഷയും ഉറപ്പാക്കുന്നതിനും കഴിഞ്ഞു.

സെസ് ആക്റ്റ് കൊണ്ടുവന്നെങ്കിലും കയറ്റുമതിക്കാരുടെ എതിർപ്പ് തുടരുന്നതിനാലും കോടതി നടപടികൾ ഉണ്ടായതിനാലും സെസ് ഇനത്തിൽ കാര്യമായ തുക പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല. ഇതു മറികടക്കുന്നതിന് നിയമഭേദഗതികൾ ഉൾപ്പെടെയുള്ള മാർഗ്ഗങ്ങളെക്കുറിച്ച് സർക്കാർ പരിശോധന നടത്തിവരികയാണ്.

(ബി) ഇക്കാലയളവിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുവാനും മൺസൂൺ കാലയളവിൽ 'ചാകര' പോലുള്ള അസാമാന്യമായ സമുദ്രോപരിതല മത്സ്യസ്രോതസ്സുകളെ ചൂഷണം ചെയ്യുന്നതുവഴി പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെയും സംസ്ഥാനത്തിന്റെയും വരുമാനം വർദ്ധിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) കടാശ്വാസ പദ്ധതി പ്രവർത്തനം ത്വരിതഗതിയിൽ നടന്നുവരുന്നു.

മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രഭൂമി

16 (*496) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രഭൂമി സംരക്ഷിക്കുന്നതിനും അന്യാധീനപ്പെട്ട ക്ഷേത്രഭൂമി തിരിച്ചു പിടിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഇതിനായി ഒരു ലാന്റ് കൺസർവൻസി യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(സി) ക്ഷേത്രങ്ങൾ മതിൽ കെട്ടി സംരക്ഷിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ക്ഷേത്രഭൂമിയിൽ പൂജാപുഷ്പങ്ങൾ വളർത്തുന്നതോടൊപ്പം ക്ഷേത്രങ്ങൾക്ക് യോജിച്ചതരം വൃക്ഷങ്ങൾ നട്ടു വളർത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) :

(എ) & (ബി) ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പ് നിലവിലുണ്ടായിരുന്നപ്പോൾ മലബാറിലെ ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി കണ്ടെത്തുന്നതിനും, ക്ഷേത്ര ഭൂമി അതിരുകെട്ടി സംരക്ഷിക്കുക, അളന്നു തിരിക്കുക, ഭൂമി സംബന്ധമായ രേഖകൾ ശരിയാക്കുക തുടങ്ങിയ ജോലികൾ നിർവ്വഹിക്കുന്നതിനായി റവന്യൂ വകുപ്പിൽ നിന്നും വിരമിച്ച ഡെപ്യൂട്ടി കളക്ടറുടെ റാങ്കിൽ കുറയാത്ത ആളുകളെ ഉൾപ്പെടുത്തി ഓരോ ഡിവിഷനിലും ഓരോ സ്പെഷ്യൽ ടീം പ്രവർത്തിച്ചിരുന്നു. ഈ ടീമുകളുടെ നേതൃത്വം വഹിച്ചിരുന്നത് ഹിന്ദുമത ധർമ്മ സ്ഥാപന(ഭരണ) വകുപ്പിലെ ഒരു സ്പെഷ്യൽ ഓഫീസർ ആയിരുന്നു. മലബാർ ദേവസ്വം ബോർഡ് രൂപീകൃതമാകുന്നതിനു മുൻപ് ടി സ്പെഷ്യൽ ഓഫീസർ തസ്തിക സർക്കാർ നിർത്തലാക്കി. അതിനുശേഷം ഈ ടീമുകൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. എന്നാൽ മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചതിനുശേഷം ഒരു ലാന്റ് കൺസർവൻസി യൂണിറ്റ് രൂപീകരിക്കുന്നതിനുള്ള മലബാർ ദേവസ്വം ബോർഡിന്റെ അപേക്ഷ സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) ഗുരുവായൂർ, കൂടൽമാണിക്യം ക്ഷേത്രങ്ങൾ മതിൽകെട്ടി സംരക്ഷിച്ചിട്ടുണ്ട്.

മലബാർ ദേവസ്വത്തിന് ക്ഷേത്രങ്ങൾ മതിൽ കെട്ടി സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതികൾ ഒന്നും ഇല്ല. മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങൾ ഓരോ പ്രത്യേക യൂണിറ്റുകളാണ്. ആയതിനാൽ ജീർണ്ണോദ്ധാരണ ഗ്രാന്റ് നൽകുമ്പോൾ ഈ ആവശ്യത്തിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകൾക്ക് അർഹമായ പരിഗണന നൽകിവരുന്നുണ്ട്.

കൊച്ചി ദേവസ്വം ബോർഡിൽ പുതിയ ബോർഡ് ചുമതലയേൽക്കുന്ന മുറയ്ക്ക് ബോർഡിന്റെ പരിഗണനയ്ക്ക് ഈ വിഷയം സമർപ്പിക്കുന്നതാണെന്ന് ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ദേവസ്വം വക ഭൂമികളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കായി ലാന്റ് കൺസർവൻസി യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ദേവസ്വം ഭൂമി കൈയേറ്റം, ഒഴിപ്പിച്ചെടുക്കുന്ന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്കുതന്നെ മതിൽ കെട്ടി സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരുടെ റിപ്പോർട്ട് ലഭിക്കുന്നതനുസരിച്ച് ആവശ്യകത ബോദ്ധ്യപ്പെട്ട് ക്ഷേത്രങ്ങളുടെ മതിൽ കെട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഗുരുവായൂർ ദേവസ്വത്തിൽ ക്ഷേത്രത്തിന് യോജിച്ച തരത്തിലുള്ള വൃക്ഷങ്ങൾ നട്ടുവളർത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടൽമാണിക്യം ദേവസ്വത്തിൽ ഇതിനായി നക്ഷത്ര വനം പരിപാടി നടപ്പാക്കി വരുന്നു.

കൊച്ചി ദേവസ്വം ബോർഡിന്റെ ക്ഷേത്ര ഭൂമികളിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിന് സംസ്ഥാന ഔഷധസസ്യ ബോർഡും ഓഷധിയും ചേർന്ന് കൊച്ചിൻ ദേവസ്വം ബോർഡിനു നൽകിയ വൃക്ഷത്തൈകൾ ബോർഡിന്റെ കീഴിലുള്ള ചോറ്റാനിക്കര ഭഗവതിക്ഷേത്രത്തിലും, തൃശ്ശൂർ, തൃപ്പൂണിത്തുറ, തിരുവഞ്ചിക്കുളം, തിരുവിലാമല, ഗ്രൂപ്പുകളിലെ സൗകര്യപ്രദമായ ക്ഷേത്രങ്ങളിലും നട്ടുപിടിപ്പിക്കുന്നതിന് വിതരണം ചെയ്തിട്ടുണ്ട്. ഇതുപ്രകാരം ചന്ദനം—750, കണിക്കൊന്ന—150, നാടൻ നെല്ലി—150, കുവളം—150, അശോകം —149, ഒട്ട് നെല്ലി—150 എന്നീ പ്രകാരം തൈകൾ വിതരണം ചെയ്തിട്ടുണ്ടെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡിൻ കീഴിൽ വരുന്ന ക്ഷേത്രങ്ങളിൽ ദേവാരണ്യം പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ക്ഷേത്രങ്ങൾക്ക് ആവശ്യമായ വൃക്ഷത്തൈകൾ വനംവകുപ്പുമായി ബന്ധപ്പെട്ട് വാങ്ങുന്നതിന് ക്ഷേത്രഭരണാധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

ദേവാരണ്യം പദ്ധതിയിലൂടെ ക്ഷേത്രഭൂമിയിൽ പൂജാപുഷ്പങ്ങൾ വളർത്തുന്നതോടൊപ്പം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

ഡിസ്കവർ കേരള ടൂറിസം പാക്കേജ്

17 (*497) ശ്രീ. എം. ഹംസ :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ആരംഭിച്ച 'ഡിസ്കവർ കേരള' ടൂറിസം പാക്കേജിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പദ്ധതി വിജയകരമാണോയെന്ന് വ്യക്തമാക്കുമോ ;

(സി) ഇതുവരെ എത്രപേർ പദ്ധതി പ്രയോജനപ്പെടുത്തിയിട്ടുണ്ട് ;

(ഡി) കേരളത്തിലെ വിവിധ ടൂറിസം കേന്ദ്രങ്ങളെ ബന്ധപ്പെടുത്തിയുള്ള കൂടുതൽ ടൂറിസം പാക്കേജുകൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly